(സി) ഡിവിഷൻ ആഫീസും ഒരു സബ്ഡിവിഷൻ ആഫീസും മൂവാറ്റുപുഴയിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ - സി) എം.വി.ഐ.പി. യിൽ കാഡ പദ്ധതി നടപ്പിലാക്കുന്നതിന് 10-12-2009-ലെ ഉത്തരവ് നമ്പർ.13-3-2009/CADWM പ്രകാരം കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് ഭരണാനുമതി നൽകുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

ശ്രീമതി നീനയ്ക്ക് പ്രൊമോഷൻ നൽകുവാൻ നടപടി

127 (5017) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിൽ പുനലൂർ കെ.ഐ.പി. ഓഫീസിൽ 1997 -ൽ എൽ.ഡി. ക്ലാർക്കായി ജോലിയിൽ പ്രവേശിക്കുകയും 2002-ൽ ഡിപ്പാർട്ട് മെന്റൽ ടെസ്റ്റ് പാസ്സാകുകയും 2008-ലെ പ്രൊമോഷൻ ലിസ്റ്റിൽ 268-ാം റാങ്കുള്ളതുമായ ശ്രീമതി ആർ. നീനയ്ക്ക് പ്രൊമോഷൻ ലിസ്റ്റിൽ 307 വരെ യുള്ളവർക്ക് പ്രൊമോഷൻ ലഭിച്ചിട്ടും പ്രൊമോഷൻ വൈകുന്നതെന്തെന്ന് വ്യക്തമാക്കുമോ ; അടിയന്തരമായി സീനിയോറിറ്റി നഷ്ടമാവാതെ ശ്രീമതി ആർ. നീനയ്ക്ക് പ്രൊമോഷൻ ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

കെ.ഐ.പി. സർക്കിളിൽ എൽ.ഡി. ക്ളാർക്കായ ശ്രീമതി ആർ. നീന കൃത്യസമയത്ത് 'സർവ്വീസ് കാർഡ്' സമർപ്പിക്കാത്തതുകൊണ്ടാണ് അർഹതപ്പെട്ട പ്രൊമോഷൻ അർഹതപ്പെട്ട സമയത്ത് ലഭിക്കാതെ പോയത്.

ജലസേചന വകുപ്പിൽ യു.ഡി.ക്ളാർക്കുമാരുടെ നിലവിലുള്ള ഒഴിവ് പ്രൊമോഷൻ വഴി നികത്തുന്നതിനായി അർഹതപ്പെട്ടവരുടെ സർവ്വീസ് കാർഡ് (ഓരോ ഉദ്യോഗസ്ഥന്റെയും സമ്പൂർണ്ണ വിവരങ്ങളടങ്ങുന്ന രേഖ) ജലസേചന വകുപ്പ് ചീഫ് എൻജിനീയർ തന്റെ കീഴിലുള്ള വിവിധ ഓഫീസുകളിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. പ്രൊമോഷനായി സർവ്വീസ് കാർഡ് ലഭിക്കുന്ന മുറയ്ക്ക് ശ്രീമതി ആർ. നീനയ്ക്ക് നിലവിലുള്ള നിയമപ്രകാരം പ്രൊമോഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

പഴകിയ കെട്ടിടം പൊളിച്ചുമാറ്റി പുതുക്കി പണിയാനുള്ള നടപടി

128 (5018) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പാനൂർ ഗവൺമെന്റ് എൽ.പി. സ്കൂളിനു സമീപമുള്ള വാട്ടർ അതോറിറ്റിയുടെ പഴകിയ കെട്ടിടം പൊളിച്ച് മാറ്റി പുതുക്കി പണിയാനുള്ള നടപടിയുടെ പുരോഗതി വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly